VOL-8



കുട്ടികളുടെ മഴയനുഭവങ്ങൾ

STD : IV മലയാളം







# കുറിപ്പെൻസിൽ

## കുഞ്ഞുമനസ്സിലെ വലിയ ഒച്ചകൾ

Published by

സെന്റ് ജോസഫ്സ് യു.പി സ്കൂൾ കല്ലോടി

# മഴക്കാല ഓർമ്മകൾ

മഴ നനഞ്ഞിട്ടുണ്ട് .
മഴവെള്ളത്തിൽ കളിച്ചതിന്
അമ്മയുടെ കൈയിൽ നിന്നും ഒരുപാട്
അടി കിട്ടിയിട്ടുണ്ട് ...
മഴയത്ത് പുതപ്പിനടിയിൽ കിടന്ന് ഉറങ്ങാൻ
ഏറെ ഇഷ്ട്ടമാണ് ...
മഴയത് എന്തെങ്കിലും കൊറിച്ചുകൊണ്ട്
ടീവി കാണുന്നതും ഇഷ്ടമാണ് ...

അഡോണ ജോബി 4A

# ഒരു മഴക്കാലത്ത്

ഞാൻ ഒന്നാം ക്ലാസ്സിൽ പഠിക്കുമ്പോൾ ശക്തമായ മഴയായിരുന്നു.
ആ സമയത് ഞാൻ എന്റെ അച്ഛനോടും അമ്മയോടും ചേച്ചിയോടും
ഒപ്പം ദൂരെ ഒരു സ്ഥലത്ത് വയലിൽ വെള്ളം കയറിയത് കാണാൻ പോയി .
അരവനക്കുന്നിന്റെ മുകളിൽ നിന്നാണ് ഞങ്ങൾ ആ കാഴ്ച കണ്ടത്.
അവിടെ നിന്നുള്ള കാഴ്ച വളരെ മനോഹരമായിരുന്നു .
എനിക്ക് വളരെ സന്തോഷം തന്ന മറക്കാനാകാത്ത
അനുഭവമായിരുന്നു അത് ...

ടാനിയ ഷാജു 4B

# മഴയത്തുടെ

സ്കൂൾ അവധി കഴിഞ്ഞാൽ സ്കൂൾ തുറക്കുമ്പോൾ ഒരു പ്രേത്യേഗ
അനുഭൂധി തോന്നും. മഴയും കൂടി ആകുമ്പോൾ പറയണ്ട.
ഞാൻ സ്കൂളിൽ പോകൻ ബസ്സ് കാത്തു നില്കുമ്പോ ബസ്സ് വേഗം
വരാണെമെന്ന് പ്രാർത്ഥിക്കും സ്കൂളിലെത്തണം കൂട്ടുകാരെ
കാണണം അവരോടൊത് കളിക്കണം. 2മാസം കഴിഞ്ഞിട്ടാണ്
കൂട്ടുകാരെ കാണുന്നെതെന്ന് ഒർകുമ്പോ ഒരു സുഗമണ്.
ക്ലാസ്സിൽ എത്തിയാൽ കൂട്ടുകാരുമായി അവധിക്ക് എന്തൊക്കയാ
ചെയ്തതെന്ന് ചോദിക്കുകയും ഒകെയായിരിക്കും .
ഇന്റർവെൽ ആയാൽ മഴയത് കളിക്കാൻ തോന്നും
പക്ഷെ അതിന് ടീച്ചേർസ് സമ്മതിക്കില്ല. സ്കൂൾ അവധി
കഴിയുമ്പോ ഒരു രസം തന്നെയാണ്.

മുഹമ്മദ് ഫസീഹ് 4B

# മഴക്കാല അനുഭവം

മഴകാലത്ത്  ഒരു ദിവസം ഞാൻ കുടയില്ലാതെ സ്കൂളിൽ പോയി. രാവിലെ നല്ല വെയിൽ ഉണ്ടായിരുന്നു എന്നാൽ സ്കൂൾ വിടാൻ ആയപ്പോൾ നല്ല മഴ. ഓടിപ്പോയി വണ്ടിയിൽ കയറി . വീടിനടുത്ത് വണ്ടി നിർത്തി. ഷിദുന്റെ കുടയിൽ കയറി വീട്ടിൽ എത്തി. ബാഗും ബുക്കും എല്ലാം നനഞ്ഞു പോയി. ഉമ്മ നല്ലവണ്ണം ചീത്ത പറഞ്ഞു. രാവിലെ ഉമ്മ പറഞ്ഞുകെനു കുട എടുക്കാൻ പക്ഷേ ഞാൻ എടുത്തില്ല. ഞാൻ പറഞ്ഞു എന്തായാലും നനഞ്ഞു ഇനി ഞാൻ മഴയത്ത് കളിക്കുകയാണ് എന്ന് പറഞ്ഞ് ഓടിയതാണ് ഒരൊറ്റ തെന്നി വീഴൽ എല്ലാത്തിനും കൂടി ഉമ്മാന്റെ ഇടുന്നഎല്ലാത്തിനും കൂടി ഉമ്മാന്റെ  അടുത്തുനിന്ന് നല്ല അടിയും കൊണ്ടു. പിറ്റേന്ന് സ്കൂളിലും പോയില്ല

അൻഷ ഷെറിൻ 4B

# എന്റെ മഴക്കാല അനുഭവങ്ങൾ

കഴിഞ്ഞ വർഷത്തെ മഴക്കാലഓർമ്മകൾ  ഞാൻ ഓർക്കുന്നു. പുതുപുത്തൻ ബാഗും കുടയും ചൂടി സ്കൂളിലേക്ക് പോകുമ്പോൾ . മഴയുടെ തണുപ്പ് മൂലം  സ്കൂളിലേക്ക് കുറച്ചു മടിയോട് കൂടിയാണ് പോയത് .
എന്നാൽ സ്കൂളിൽ എത്തിചേരുമ്പോൾ കൂട്ടുകാരുമായി കളിക്കുമ്പോൾ മഴയൊന്നും  എന്നെ ബാധിക്കാറില്ല...

ഫിദ ഫാത്തിമ 4B

# മഴകാല അനുഭവം

മഴകാലത്ത്  ഒരു ദിവസം ഞാൻ കുടയില്ലാതെ സ്കൂളിൽ പോയി. രാവിലെ നല്ല വെയിൽ ഉണ്ടായിരുന്നു എന്നാൽ സ്കൂൾ വിടാൻ ആയപ്പോൾ നല്ല മഴ. ഓടിപ്പോയി വണ്ടിയിൽ കയറി . വീടിനടുത്ത് വണ്ടി നിർത്തി. ഷിദൂന്റെ കുടയിൽ കയറി വീട്ടിൽ എത്തി. ബാഗും ബുക്കും എല്ലാം നനഞ്ഞു പോയി. ഉമ്മ നല്ലവണ്ണം ചീത്ത പറഞ്ഞു. രാവിലെ ഉമ്മ പറഞ്ഞുകെനു കുട എടുക്കാൻ പക്ഷേ ഞാൻ എടുത്തില്ല. ഞാൻ പറഞ്ഞു എന്തായാലും നനഞ്ഞു ഇനി ഞാൻ മഴയത്ത് കളിക്കുകയാണ് എന്ന് പറഞ്ഞ് ഓടിയതാണ് ഒരൊറ്റ തെന്നി വീഴൽ എല്ലാത്തിനും കൂടി ഉമ്മാന്റെ ഇടുന്നഎല്ലാത്തിനും കൂടി ഉമ്മാന്റെ  അടുത്തുനിന്ന് നല്ല അടിയും കൊണ്ടു. പിറ്റേന്ന് സ്കൂളിലും പോയില്ല

അൻഷ ഷെറിൻ 4B

# എന്റെ മഴയനുഭവം

ഒരു വൈകുന്നേരം പുറത്തേക്ക് നോക്കിയപ്പോൾ തോരാതെ മഴ പെയ്യുകയായിരുന്നു അപ്പോൾ ഞാൻ ചിന്തിച്ചുകളിച്ചാലോ എന്ന് വെള്ള നിറഞ്ഞ കുഴികളിൽ ചാടി വീണു തോട്ടിൽ പോയി ചേട്ടന്മാർക്ക് ഒപ്പം മീൻ പിടിക്കുന്നത് കണ്ടു വീട്ടിൽ എത്തിയപ്പോൾ ആകെ നനഞ്ഞിരുന്നു നല്ലൊരു ദിവസമായിരുന്നു അത് .

ഋഷിക വി ക്രിസ്റ്റി 4A

# മഴക്കാല അനുഭവങ്ങൾ

മഴക്കാലം നമുക്ക് നല്ല അനുഭവങ്ങൾ നൽകുന്നു...
നമുക്കും നമ്മുടെ കക്ഷിയ്ക്കും മഴ കൂടിയേ തീരൂ.
പക്ഷെ കുടിവെള്ളവും സമ്പത്തും മാത്രമല്ല...
മഴക്കാലം ചില രോഗങ്ങളെയും കൊണ്ട് വരും.
മലിനമായ അന്തരീക്ഷത്തിൽ പെയ്യുന്ന മഴയെ ഒന്ന് കരുതണം .
കുട്ടികളെയും വൃദ്ധരേയും പ്രത്യേകിച്ച് ശ്രദ്ധിക്കണം.
വെള്ളം കെട്ടി നിന്ന് ഉണ്ടാകുന്ന പ്രശ്നങ്ങൾ അവരവർക്ക്
തന്നെ ഒഴിവാക്കാം. വീടും പരിസരവും വൃത്തിയാക്കി മഴയെ സ്വീകരിക്കൂ.....
അത് നമുക്ക് നന്മ മാത്രം പകരട്ടെ !

ആൽവീന സിബി 4B



ദി കുറുപ്പെൻസിൽ

# എന്റെ മഴക്കാല അനുഭവം

വേനൽക്കാലം പോയി മഴക്കാലം വന്നു ഞാൻ രാവിലെ എഴുന്നേറ്റു നോക്കുമ്പോൾ പുറത്തു വലിയമഴ നല്ല തണുപ്പ് ഉണ്ട് എനിക്ക് മഴ ഭയങ്കര ഇഷ്ടമാണ്, ഞാൻ കളിച്ചു പിന്നെ വൈകുന്നേരം ആയപ്പോൾ  ആലിപഴം വീഴുന്നു, ഞാനും എന്റെ അനിയത്തിയും മഴ നനഞ്ഞു പെറുക്കി തിന്നു, അമ്മ ഞങ്ങളെ വഴക്കു പറഞ്ഞു പിന്നെ കുറച്ചു ദിവസം മഴ ആയിരുന്നു കുറച്ചു ദിവസം പോയപ്പോ ൾ, വെള്ളം കയറി എന്റെ വീടിന്റെ താഴെ പുഴയാണ് ,അടുത്തുള്ള വീടുകളിൽ വെള്ളം കയറി അതൊക്കെ ഞാൻ കാണാൻ പോയി സ്കൂളിൽ പോകൻ പറ്റാതെ ആയി ഞാനും എന്റെ അനിയത്തിയും കൂടെ വെള്ളത്തിൽ കടലാസ് തോണി ഉണ്ടാക്കി കളിച്ചു, അങ്ങനെ വെള്ളം ഇറങ്ങി സ്കൂളിൽ പോകാൻ  തുടങ്ങി.

സ്മിന്റ ഷൈബു 4A

# ഉള്ളടക്കം

മഴയത്തൂടെ
എന്റെ മഴയാനുഭവങ്ങൾ
കണ്ണീർ മഴ
മഴ സംഗീതം
മഴക്കാല ഓർമ്മകൾ
അങ്ങനെ ഒരു മഴക്കാലത്ത്
കുളിർമഴ
എന്റെ മഴയനുഭവം
ഒരു കൊച്ചു മഴയനുഭവം
എന്റെ മഴക്കാല ഓർമ്മകൾ
ഒരു മഴക്കാലം
മഴയനുഭവം
മഴക്കാല അനുഭവം
പിറന്നാൾ ദിനത്തിലെ പെരുമഴ
മഴക്കാല അനുഭവം
മഴക്കാല ഓർമ്മകൾ
മഴക്കാല അനുഭവം
മഴക്കാല അനുഭവം
മഴയത്തൂടെ
ഒരു മഴക്കാല ഓർമ്മ
എന്റെ മനസിലെ മഴക്കാലം
എന്റെ മഴയനുഭവം
മഴക്കാല ഓർമ്മകൾ
ഒരു മഴക്കാലത്ത്
എന്റെ മഴക്കാല അനുഭവം
എന്റെ മഴക്കാല അനുഭവങ്ങൾ
മഴയനുഭവം
മഴക്കാല അനുഭവങ്ങൾ
മഴ പ്രകൃതിയുടെ വരദാനമാണ്
എന്റെ മഴയനുഭവം

# ഒരു മഴക്കാലം

സ്കൂളിൽ പോകുവാൻ പുത്തനുടുപ്പും കുടയും ബാഗുമായി നിന്നു പുത്തൻ കുട പുതിയ കൂട്ടിൽ തന്നെ എടുത്തുവെക്കാൻ പലതവണ ഓർത്തതാണ് പക്ഷെ എടുക്കാൻ മറന്നു.
മഴ നല്ലതുപോലെ നനഞ്ഞു പുത്തൻ ഉടുപ്പാകെനനഞ്ഞു ചെളിതെറിപ്പിച്ചു ഞാൻ മഴയത്തു നടന്നു വീട്ടിൽ ചെല്ലുമ്പോൾ കിട്ടാൽ പോകുന്ന വഴക്കും ഞാമറന്നു ഇതാണ് എന്റെ കഴിഞ്ഞ ജീവിതത്തിൽ ഞാൻ ഓർതെടുത്ത അനുഭവം

ആഗ്നൽ ബിനു 4A

# കുളിർ മഴ

മഴ, പേരു തന്നെ കുളിര് പകരുന്നതാണ്.
ചന്നം പിന്നം പെയ്യുന്ന മഴയിൽ തുള്ളിച്ചാടി കളിക്കാൻ
എന്തു രസമാണ്. പക്ഷെ ചാറ്റൽ മഴയത്തു പോലും
ഇറങ്ങുമ്പോൾ അമ്മ വഴക്കു പറയും മഴ നനയാതെ
അകത്തേക്ക് കേറൂ ഇല്ലെങ്കിൽ പനി വരും...
എങ്കിലും കുടയുമെടുത്ത് പുറത്തിറങ്ങും.
അമ്മയെ കാണാതെ കുട മാറ്റി മഴ നനയും
പിന്നെ കുട വീശി പപ്പട കുടയാക്കും. വെള്ളത്തിൽ
ചാടി മറിയും. കടലാസുകൊണ്ട് തോണിയുണ്ടാക്കി
മഴവെള്ളത്തിലൂടെ ഒഴുക്കും. തവളകളുടെ
പേക്രോ  ശബ്ദം മഴയുടെ ഇരമ്പലും ഒച്ചത്തിൽ
കേൾക്കാം.
മഴ എനിക്ക് വളരെ ഇഷ്ടമാണ്.



ജെസ്സ് ജിജോ 4A

# മഴയനുഭവം

മഴ വന്നപ്പോൾ എനിക്ക് വളരെ സന്തോഷമായി. പക്ഷെ മഴയുടെ കൂടെ ഇടിയും മിന്നലും കാറ്റും വന്നപ്പോൾ എനിക്കു പേടിയായി. മഴ പെയ്തു മുറ്റം മുഴുവൻ വെള്ളം നിറഞ്ഞു. കിണറും കുളവും നിറയെ വെള്ളം. തോടും നിറഞ്ഞൊഴുകി. മഴയത്ത് കടലാസ് തോണി ഉണ്ടാക്കി കളിക്കുന്നത് എന്റെ ഒരു മറക്കാനാവാത്ത അനുഭവമാണ്.

മുഹമ്മദ് നായിഫ് 4B

# മഴക്കാല ഓർമ്മകൾ.

മഴ വരും മഴ വരും
എൻറെ അമ്മ പറഞ്ഞു മഴ വരും കുട എടുക്കണം
എൻറെ മോളെ പുതു മഴ വരും കുട എടുക്കണം
ഇല്ല മഴ വരില്ല ഇല്ല ഞാൻ ഓടിപ്പോയി
അതാ മഴക്കാർ ഞാൻ ഓടി ഓടി മടുത്തു
അമ്മ പറഞ്ഞത് ഞാൻ അനുസരിച്ചില്ല
അമ്മ കുട മറ്റൊരാൾക്ക് കൊടുത്തു
അങ്ങനെ എനിക്ക് കുടയില്ല
ഞാൻ പറഞ്ഞു എനിക്ക് കുട വാങ്ങി തരണം
അമ്മ പൂക്കളുള്ള കുട വാങ്ങി തന്നു
എനിക്ക് സന്തോഷമായി അമ്മയ്ക്ക് ഒരു ഉമ്മ

മരിയ പ്രഭാത് 4B



പ്രിയമുള്ളവരെ,

കല്ലോടി സെന്റ് ജോസഫ്സ് യു പി സ്കൂളിലെ

നാലാം ക്ലാസ് വിദ്യാർത്ഥികൾ അവരുടെ

മനസിലെ മഴയനുഭവം

നിങ്ങൾക്ക് മുൻപിലേക്ക്

**കുറ്റിപ്പെൻസിൽ**

എന്ന ഓൺലൈൻ മാഗസിനിലൂടെ

അവതരിപ്പിക്കുകയാണ്

ഏവരുടെയും പ്രോത്സാഹനം

അഭ്യർത്ഥിക്കുന്നു

